**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ല — കടയ്ക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. ജയപ്രകാശിനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3324/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 17.10.2017

================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.12.2015-ലെ ഇ 2(എസ് സി 33/2015/കെഎൽഎം)18465/2015 നമ്പർ കത്ത്

2. സർക്കാരിന്റെ 12.07.2016-ലെ ഇപിബി2/97/2016/തസ്വഭവ നമ്പർ കുറ്റപത്രം

3. ശ്രീ. എൻ. ജയപ്രകാശ് സമർപ്പിച്ച 22.08.20146-ലെ പ്രതിവാദ പത്രിക

**ഉത്തരവ്**

കടയ്ക്കൽ ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. പരിശോധനയിൽ പഞ്ചായത്ത് വകയായ കടമുറികൾ ലേലം ചെയ്തതിൽ ക്രമക്കേടുകൾ ഉണ്ടെന്ന് കണ്ടെത്തുകയും തുടർന്ന് ടി ക്രമക്കേടിന് ഉത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജയപ്രകാശിന് പരാമർശം (2) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു. ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ കുറ്റാരോപണങ്ങളെല്ലാം നിഷേധിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ, ശ്രീ. ജയപ്രകാശിന് കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കിയതിനാലും കുറ്റാരോപണങ്ങളെല്ലാം ടിയാൻ നിഷേധിച്ചതിനാലും ടിയാനെതിരെ ഔപചാരിക അന്വേഷണംനടത്തേണ്ടതുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം കടയ്ക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. ജയപ്രകാശിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ

ഔപചാരിക അന്വേണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
2. ശ്രീ. എൻ. ജയപ്രകാശ്, മുൻ സെക്രട്ടറി, കടയ്ക്കൽ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. പ്രസിഡന്റ്/സെക്രട്ടറി, കടയ്ക്കൽ ഗ്രാമപഞ്ചായത്ത്
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/97/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ